
DIGITAL PETALS....

# ആമുഖം

നീല ഗ്രഹം
നീലത്താമര പോലെ
അതിന്റെ അക്കപ്പൂവിതളുകൾക്ക്
മൗസ് ക്ലിക്കിലൂടെ  സുഗന്ധം ചേർക്കാൻ
വെച്ചൂച്ചിറ കോളനി ഗവ:ഹയർസെക്കൻഡറി
സ്കൂളിന്റെ ചെറിയ ശ്രമം

"DIGITAL PETALS"

# ഉള്ളടക്കം


രാത്രിമഴ

ഉർവ്വശി ശാപം ഉപകാരം

സാഹിത്യശൈലി

കുഞ്ചൻ നമ്പ്യാരുടെ മൊഴിമുത്ത്

പഴഞ്ചൊല്ല്

മൃഗങ്ങളും ശൈലികളും

മാപ്പിള ശൈലി

മാർഗ്ഗദീപം

തേന്മൂറും മലയാളം

കവിതാ ശകലങ്ങൾ

ജീവചരിത്രങ്ങൾ

കാളിദാസൻ

ഗ്രാമത്തിന്റെ തേങ്ങൽ

ഇന്ത്യയുടെ ആത്മാവ്

തേടിയെത്തിയ ഹെർമൺ ഹെസ്സെ

പഴഞ്ചൊല്ല്

തണ്ണീർക്കുഴൽ

രണ്ട് സ്നേഹിതൻമാർ

പൊതു വിജ്ഞാനം

# രാത്രിമഴ

രാത്രിമഴ,ചുമ്മാതെ
കേണും ചിരിച്ചും
വിതുമ്പിയും നിർത്താതെ
പിറുപിറുത്തും നീണ്ട
മുടിയിട്ടുലച്ചും
കുനിഞ്ഞിരിക്കുന്നൊരു
യുവതിയാം ഭ്രാന്തിയെപ്പോലെ.

രാത്രിമഴ,മന്ദമീ
യാശ്രുപത്രിക്കുള്ളി-
ലൊരു നീണ്ട തേങ്ങലാ

യൊഴുകി വന്നെത്തിയി-

ക്കിളിവാതിൽ വിടവിലൂ-
ടേറെത്തണുത്ത കൈ-
വിരൽ നീട്ടിയെന്നെ
ത്തൊടുന്നൊരീ ശ്യാമയാം
ഇരവിന്റെ ഖിന്നയാം പുത്രി

# ശൈലി

വാച്യാർഥത്തിനു പുറമെ ലാക്ഷണികമോ
വ്യംഗ്യമോ ആയ അർത്ഥം ആവാഹിക്കുന്ന
വിശേഷപ്രയോഗമാണ് ശൈലി .
ശീലവുമായി ബന്ധപ്പെട്ടത് എന്ന വാക്കിന്റ അർത്ഥം.

ശബ്ദതാരാവലിയിൽ അതിന് കൊടുത്തിരിക്കുന്ന
അർത്ഥം ഇതാണ്

1.ഭാഷ,പ്രയോഗത്തിന്റെ ഭാവവ്യഞ്ജകമായ
സവിശേഷഘടന.

2.പദങ്ങളുടെ ശുദ്ധാർത്ഥത്തിൽ നിന്ന് വ്യത്യസ്തമായ
അർത്ഥം പ്രകാശിപ്പിക്കത്ത വിധമുള്ള
പദപ്രയോഗരീതി

3.പരമ്പരഗതമായി പ്രചാരത്തിലുള്ളതും
സവിശേഷാർത്ഥം കുറിക്കുന്നതുമായ പദപ്രയോഗം

# ഉർവശീശാപം ഉപകാരം

യാദൃച്ഛികമായി വന്നുചേർന്ന വിപത്ത് അനുകൂലഫലം ചെയ്യുന്നതിനെ
സൂചിപ്പിക്കുന്ന ശൈലി.

ഇന്ദ്രന്റെ പുത്രനായ അർജ്ജുനൻ സ്വർഗലോകത്തെത്തിയ-
പ്പോൾ ദേവസുന്ദരിയായ ഉർവശിക്ക് അദ്ദേഹത്തെ ഇഷ്ടമായി
.എന്നാൽ,സ്വന്തം പിതാവിന്റെ പതിമാരിലൊ-

രാളായതിനാൽ ഉർവശിയുടെ പ്രണയാഭ്യർത്ഥന അർജ്ജുനൻ നിരസിച്ചു. കോപിഷ്ടയായ ഉർവശി അർജ്ജുനനെ ശപിച്ച് ആണും പെണ്ണുമല്ലാത്തയാളാക്കി.
അജ്ഞാതവാസക്കാലത്ത് നപുംസകമായി വിരാടരാജധാനിയിൽ കഴിയാൻ ഈ ശാപം അർജ്ജുനന്
ഉപകാരമായിത്തീർന്നു.

# സാഹിത്യശൈലികൾ

1.യൂട്ടോപ്പിയ

യഥാർഥമല്ലാത്ത സംഗതി,
സാങ്കല്പികമയ ആദർശലോകം എന്നിവയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ശൈലി. ബ്രിട്ടീഷുകരായ സർ തോമസ് മൂർ രചിച്ച രാഷ്ട്രതന്ത്രഗ്രന്ഥത്തിൽ വിവരിക്കുന്ന സാങ്കല്പികദ്വീപായണ് യൂട്ടോപ്പിയ[Utopia]. ഇങ്ങനെയൊരു മതൃകാക്ഷേമരാഷ്ട്രം ഒരിക്കലും സംഭവ്യമല്ല .അതിനാൽ നടക്കാൻ ഇടയില്ലാത്ത സാങ്കല്പികാവസ്ഥയെന്ന അർഥത്തിൽ 'യൂട്ടോപ്പിയ' എന്ന ശൈലി ഉണ്ടായി.

2.ലില്ലിപ്പുട്ടിയൻ

പെറിയ ശരീരമുള്ളയാളെ കുറിക്കാൻ സൂചിപ്പിക്കുന്ന പ്രയോഗം ഇംഗ്ലീഷ് സാഹിത്യകാരനായ ജോനാതൻ സ്വിഫ്റ്റ് രചിച്ച ഗള്ളിവറുടെ സഞ്ചാരകഥകളിൽ ലില്ലിപ്പുട്ട് എന്ന സാങ്കല്പിക ഗ്രാമമുണ്ട്. ഈ ഗ്രാമവാസികളാണ് ലില്ലിപ്പുട്ടിയൻസ്

# കുഞ്ചൻ നമ്പ്യാരുടെ

# മൊഴിമുത്തുകൾ

കാര്യക്കാരൻ കളവു തുടർന്നാൽ
കരമേയുള്ളവർ കട്ടുമുടിക്കും
-സ്യമന്തകം

പാണ്ടൻ നായുടെ പല്ലിനും ശൗര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ല

-കിരാതം

കനകം മൂലം കാമിനി മൂലം
കലഹം പലവിധമുലകിൽ സുലഭം

-കിരാതം

ഗതികെട്ടാൽ പുലി പുല്ലും തിന്നും

-സത്യാസ്വയംവരം

# പഴഞ്ചൊല്ലുകൾ

- അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്
- അകത്തു കത്തിയും പുറത്തു പത്തിയും
- അക്ഷരം പലതെങ്കിലും വിദ്യ തന്നെ
- അഞ്ചുവിരലും ഒരുപോലെയല്ല
- അണ്ണാൻ കുഞ്ഞും തന്നാലായത്
- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
- അടിതെറ്റിയാൽ ആനയും വീഴും
- അണ്ണാനാശിച്ചാൽ ആനയാകുമോ

- അഴകുള്ള ചക്കയിൽ ചുളയില്ല
- ആന വാ പൊളിക്കുമ്പോലെ അണ്ണാൻ പൊളിച്ചാലോ
- ആരാന്റെ ആപത്ത് തന്റെ സമ്പത്ത്
- ആറിയ കഞ്ഞി പഴങ്കഞ്ഞി
- ഇക്കരെ നിന്നാൽ അക്കരെപ്പച്ച
- ഇടിവെട്ടിയവനെ പാമ്പു കടിച്ചു
- ഇഷ്ടമുണ്ടെങ്കിൽ മാർഗവുമുണ്ട്
- ഇരുമ്പ് പഴുത്തിരിക്കുമ്പോൾ പരത്തണം
- ഉറുമ്പും ഓണത്തിനും കരുതും
- ഉപ്പും പുളിയും തട്ടുന്ന നാവല്ലേ തപ്പും പിഴയും ഉണ്ടാകും
- ഉപായം നോക്കുമ്പോൾ അപായം നോക്കണം
- എനിക്കുശേഷം പ്രളയം
- എലിയെ തോല്പിക്കാൻ ഇല്ലം ചുട്ടും
- ഏത്ത വാഴക്ക് ഏത്തമിടണം
- ഏറെക്കറന്നാൽ ചോര
- കണ്ടറിയാത്തവൻ കൊണ്ടറിയും

# മൃഗങ്ങളും ശൈലികളും

മൃഗങ്ങളുംമായി ബന്ധപ്പെട്ട ഒട്ടേറെ ശൈലികൾ മലയാളത്തിൽ പ്രചാരത്തിലുണ്ട്

**എലിയെ കൊല്ലാൻ ഇല്ലം ചുടുക**

നിസ്സാരകാര്യം നേടുന്നതിനായി വിഡ്ഢിത്തം കാണിച്ച് വലിയ നാശമുണ്ടാക്കുക

**ഈച്ചക്കോപ്പി**

തനിപ്പകർപ്പ്. ഒരാൾ പകർത്തിയെഴുതിക്കൊണ്ടിരു- ന്ന പുസ്തകത്തിൽ ഈച്ച ചത്തതിന്റെ പാടുകണ്ടു. അപ്പോൾ അയാൾ ഒരു ഈച്ചയെ അടിച്ചു കൊന്ന് അതേ അടയാളം പടർത്തിവച്ച കഥയിൽ നിന്നാകാം ഈ ശൈലി ഉണ്ടയത്

**മർക്കടമുഷ്ടി**

ദുശ്ശാഠ്യം,നിർബന്ധബുദ്ധിഎന്നൊക്കെ അർത്ഥം. പിടിച്ചാൽ പിടിവിടാതിരിക്കുക കുരങ്ങന്റെ സ്വഭാവമാണ് അതിൽ നിന്നാണ് ഈ ശൈലി വന്നത്

കാള പെറ്റന്ന് കേട്ട് കയറെടുക്കുക

കേട്ടതിൽ ശരിയുണ്ടോ എന്ന് ചിന്തിക്കാതെ എടുത്തുചാടി പ്രവർത്തിക്കുക

# മാപ്പിളശൈലികൾ

കേരളത്തിലെ മുസ്ലിംകൾക്കിടയിലെ പല ശൈലികളിലും അറബിഭാഷയുടെയും സംസ്കാരത്തിന്റെയും സ്വാധീനമുണ്ട്. ചില മാപ്പിള ശൈലികളും തുല്യമായ മലയാളശൈലികളും കണ്ടോളൂ

ഖൽബിലൊതുക്കുക- അകത്തൊതുക്കുക

സുക്കൂത്ത് പാടിക്കുക-അടിയറവ് പറയിക്കുക

അലീസ വെരകിയതു

| | |
|---|---|
| പോലെ | -അവയിൽ പരുവം |
| ബേജാറായി | -അസ്വസ്ഥമായി |
| ഗുലുമാല് | -പുലിവാല് |
| സൽസാലാവുക | -കലിതുള്ളുക |

ഈമാനുള്ള മോറ് -ഐശ്വര്യമുള്ളമുഖം
ഹമ്ക്കത്തരം -മണ്ടത്തരം

# മാർഗ്ഗ ദീപം

അമ്മേ നിൻ നാമം
മക്കൾക്കെന്നും അഭിമാനം
നിൻമാതൃക താനല്ലോ നിത്യം
ഞങ്ങടെ മാർഗ്ഗദീപം

വീര ജനനിക്കുടയവർ മക്കൾ
വീരരാവുക നമ്മൾ
അമ്മേ നിൻ നാമം
മക്കൾക്കെന്നും അഭിമാനം

നിൻമാതൃക താനല്ലോ നിത്യം

ഞങ്ങടെ മാർഗ്ഗദീപം

പുഞ്ചിരിപ്പൂവൊളി താൻ ഞങ്ങടെ
പുണ്യകരമാം ചൈതന്യം
അമ്മേ നിൻ നാമം
മക്കൾക്കെന്നും അഭിമാനം
നിൻ മാതൃക താനല്ലോ നിത്യം
ഞങ്ങടെ മാർഗ്ഗദീപം

# തേനൂറും മലയാളം

അമ്പത്താറക്ഷരമല്ല
അമ്പത്തൊന്നക്ഷരവുമല്ലെന്റെ മലയാളം
മലയാളമെന്ന നാലക്ഷരമല്ല

അമ്മ എന്ന ഒരൊറ്റക്ഷരമാണ്
മണ്ണ് എന്ന ഒരൊറ്റക്ഷരമാണെന്റെ
മലയാളം

കുഞ്ഞുണ്ണി

# കവിതാശകലങ്ങൾ

അരികത്തബോട്ടു വരുന്നുണ്ടമ്മ ഞാൻ
കരയായ്കോമനേ, കരൾ വാടി

പുരികവും ചുണ്ടും ചുളിച്ചു നീ വിങ്ങി-
ക്കരയായ്കോമനേ, നരുന്നു ഞാൻ
പനിനീർച്ചെമ്പകച്ചെറുമുള്ളേറ്റു നിൻ
കുരുന്നുകൈവിരൽ മുറിഞ്ഞിതേ!
തനിയേ തൈമാവിൽ കയറിവീണോമൽ
ചെറുകാൽമുട്ടുകൾ ചതഞ്ഞിതേ!

കുമാരനാശാൻ

# കവിതാശകലങ്ങൾ

ഓമനേ, നീയുറങ്ങെൻമിഴിവണ്ടിണ-
ത്തൂമലർത്തേൻകുഴമ്പെന്റെ തങ്കം!
ആടിയും പാടിയും ചാടിയുമോടിയും
വാടിയും വീട്ടും മുഖരമാക്കി
വാടി വിയർത്ത മുഖാംബുജത്തോടെന്നെ-
ത്തേടി നീയന്തിയിൽ വന്ന നേരം
നിൻകവിൾത്തങ്കത്തകിട്ടിങ്കൽപ്പിഞ്ചുമ്മ-
യെൻകണ്ണിലുണ്ണി! ഞാനെത്ര വച്ചൂ!

-ഉള്ളൂർ എസ്. പരമേശ്വരയ്യർ

# കവിതാശകലങ്ങൾ

പച്ചയാം വിരിപ്പിട്ട സഹ്യനിൽ  തലവെച്ചും
സ്വച്ഛാബ്ധിമണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെക്കാത്തു-

കൊള്ളുന്നു, കുമാരിയും ഗോകർണേശനുമമ്മേ!
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിനുപാസ്യരായുള്ളോർക്കുമുപാസ്യയെ!
ആഴിവീചികളനുവേലം, വെൺനുരകളാൽ-
ത്തോഴികൾപോലെ, തവ പാദത തൃപ്പദങ്ങളിൽ
ത്തുവെള്ളിച്ചിലമ്പുകളിട്ടുവിക്കുന്നു;തൃപ്തി
കൈവരാഞ്ഞഴിക്കുന്നു! പിന്നെയും തുടരുന്നു

വള്ളത്തോൾ

നാരായണമേനോൻ

# ജീവചരിത്രക്കുറിപ്പ്

ഉള്ളൂർ എസ് . പരമേശ്വരയ്യർ

ജനനം:1877[1052 ഇടവം 25] -

മരണം:1949 ജൂൺ 15

മലയാളത്തിന്റെ പ്രഗത്ഭനായ കവിയായ ഉള്ളൂർ പണ്ഡിതൻ, ഗവേഷകൻ

എന്നീ നിലകളിലും പ്രവീണ്യം തെളിയിച്ചിട്ടുണ്ട്. ബാല്യത്തിൽതന്നെ
സംസ്കൃതത്തിലും ഇംഗ്ലീഷിലും പാണ്ഡിത്യം നേടി. 1914-ൽ മാഹാകാവ്യമായ ഉമാകേരളം
രചിച്ചു.അദ്ദേഹത്തിന്റെകവിതകളിൽ സംസ്കൃതത്തിന്റെ സ്വാധീനം കൂടുതലുണ്ടായിരുന്നു. ഉല്ലേഖ ഗായകൻ എന്നറിയപ്പെടുന്ന ഉള്ളൂരിന് കൊച്ചീരാജാവും ശ്രീ
ചിത്തിരതിരുനാൾ മഹാരാജാവും യഥാക്രമം കവിതിലകൻ,മഹാകവി എന്നീ ബിരുദങ്ങൾ
നൽകി ആദരിച്ചു.ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ വീരശൃംഖല, റാവുസാഹിബ് സാഹിത്യ ഭൂഷൺ, ഉജ്ജ്വല ശബ്ദാഢ്യൻ എന്നീ ബഹുമതികളും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.
പിംഗള, കർണ്ണ ഭൂഷണം, ചിത്രശാല, ദീപാവലി തുടങ്ങിയ ഖണ്ഡകാവ്യങ്ങളും, അരുണോദയം,കിരണാവലി, മണി മഞ്ജുഷ, രത്നമാല തുടങ്ങിയ കവിതാ സമാഹാരങ്ങ
ളും അദ്ദേഹത്തന്റെ സൃഷ്ടികളിൽ മുൻപന്തിയിൽ നിൽക്കുന്നു.

# കാളിദാസൻ

ബി.സി ഒന്നാം ശതകത്തിൽ ജീവിച്ചിരുന്നു.

ചന്ദ്രഗുപ്ത വിക്രമാദിത്യന്റെ രാജധാനിയലെ നവരത്നങ്ങളിലൊരാളായ കാളിദാസൻ സംസ്കൃതത്തിലെ പ്രഗത്ഭനായ നാടകകൃത്തും, കവിയുമായിരുന്നു . പ്രേമവും, പ്രേമബന്ധനത്തിലെ വേദനയും ലളിതമായ ശൈലിയിൽ മനോഹരമായി വിവരിക്കുന്ന മേഘസന്ദേശം, ഋതുക്കൾ മാറുന്നതിനനുസരിച്ച് പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ വരച്ചുകാട്ടുന്ന ഋതുസംഹാരം, അഭിജ്ഞാന ശാകുന്തളം, കുമാരസംഭവം മാളവികാഗ്നിമിത്രം , രഘുവംശം , വിക്രമോർവ്വശീയം എന്നിവയാണ് കാളിദാസന്റെ പ്രധാന കൃതികൾ . ഇതിൽ അഭിജ്ഞാന ശാകുന്തളം അനേകം ഭാഷകളിലേയ്ക്ക് വിവർത്ത ചെയ്യപ്പെട്ടിട്ടുണ്ട് ഭൂമിയും ,സ്വർഗ്ഗവും ഒന്നിക്കുന്ന മഹാകാവ്യമായിട്ടാണ് ശാകുന്തളത്തെ ജർമ്മൻ നിരൂപകനായ ഗോയ്ഥേ വിശേഷിപ്പിച്ചത്

# ഗ്രാമത്തിന്റെ തേങ്ങൽ

പാർവതി എം. മോഹൻ

വയലേലകളിൽ തുള്ളിക്കളിക്കും
കുഞ്ഞാട്ടിൻകുട്ടികളെവിടെപ്പോയ്?
പച്ചയും മഞ്ഞയും മാറിയുടുത്തതാം
കൊച്ചുപാടങ്ങളിന്നെവിടെപ്പോയ്?
കുന്നും മലയുംപുഴയും കാറ്റും
തഴുകിയുണർത്തുന്ന..........
ഗ്രാമഭംഗിയോ മാറിപ്പോയി
കാളകൾതൻ കാൽപ്പാടുകൾ
പതിഞ്ഞതാം കാൽനടപ്പാതികളിന്ന്

മോട്ടോർ വാഹനത്തിൻ ടയറുകളുടെ
പീഡനത്തിനിരയായി
ടാറിട്ട റോഡുകളും, വഴിനീളെ ഫ്ളാറ്റുകളും
ചീറിപ്പായുന്ന ലോറികളും , കാറുകളുംമേല്ലാം
നിറഞ്ഞ ഈലോകത്തിന്നപ്പുറംമൊരിരു-
ട്ടിൻ കൂടാരത്തിൽ ..........
ജീവിത ലക്ഷങ്ങൾ ജീവിക്കുന്നു.
അവർക്കായൊരുക്കിയ കാൽനടപ്പാതകളിൽ
ഗ്രാമങ്ങളമെല്ലാമിന്ന് അന്ധകാരത്തിലാണ്ടു
ഗ്രാമങ്ങൾ മാറി , നഗരങ്ങളായി
കതിർക്കറ്റയും ചുമന്ന് കാൽനടപ്പാതകളിൽ
നാടൻ പാട്ടിനീണം വിളിച്ചോതുന്ന -
കർഷകരേയും കുടുംബത്തേയും -
കാൺമനില്ല........
സ്നേഹമെന്തെന്നറിയാത്ത, ജനങ്ങളോ കേഴുന്നു
സ്നേഹത്തിൽ മതിൽ പൊളിച്ച്, ക്രൂരതകടന്നുവന്നു .
പുഴയും മഴയും നിലച്ചു , നിലവിളിച്ചു
പുതിയതലമുറയുടെസംസ്കാരത്തിൽ

# കൊച്ചുറാണി

കുരുവിപ്പെണ്ണിന് കൂട്ടുണ്ടേ
മാമ്പഴത്തോപ്പിൽ കൂട്ടുണ്ടേ
മഴയിലും മഞ്ഞിലുംവെയിലിലുമെല്ലാം
കുരുവിതൻ കൂട് പൊൻകൂട്
കൂട്ടിൽരണ്ടോമനപൈതനുണ്ടേ
കണ്ണുംപൂട്ടിയുറക്കമാണേ
തള്ളക്കുരുവിതേൻക്കൊടുത്ത്
താലോലമങ്ങനെപോറ്റിടുന്നേ
വാലുള്ളചേലുള്ള കുരുവിയോട്
ചെങ്ങാത്തമില്ലാത്തൊരാരുമില്ല
ഇണങ്ങിയാൽ പിന്നെപിണക്കമില്ല
ഇക്കണ്ടലോകത്തെകൊച്ചുറാണി

പേരൂർ അനിൽകുമാർ

# ഇന്ത്യയുടെ ആത്മാവ് തേടിയെത്തിയ ഹെർമൺ ഹെസ്സെ

1946 ലെ വിശ്വസാഹിത്യത്തിനുള്ളി നോബൽ സമ്മാനജേതാനുവായ ഹെർമൺ ഹെസ്സെ ഇന്ത്യൻ സംസ്കാരത്തിന്റെ ന്യൂക്ലിയസ് തേടിയലഞ്ഞ ജർമ്മൻ എഴുത്തുകാരനാണ്. പൗരത്യ

നാട്ടുകളിൽ ഒരുപാട് വർഷം പര്യടനം നടത്തിയ ഹെസ്സെ പറയുന്നതിങ്ങനെയാണ്.
"പുരാതനഹിന്ദുക്കളെപ്പറ്റിയും പുരാതന ചീനക്കാരെപ്പറ്റിയും ഉള്ള എന്റെ പഠനം എന്റെ ഗ്രമത്തിലെ ധർമ്മനിഷ്ഠയുൾച്ചേർന്നുള്ള ക്രൈസ്തവമതംപോലെ തന്നെ എന്നിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്". സഞ്ചാരശീലനും എന്തും പഠിച്ചെടുക്കുന്നതിൽ നിപുണനുമായ ഹെസ്സെ 1877 ജൂലായ് 2 ന് ജർമനിയിലെ കാൾഫ് എന്ന പട്ടണത്തിൽ ജനിച്ചു. ഹെർമൺ ഗുണ്ടർട്ടിന്റെ മകളുടെ മകനായ ഹെസ്സെ ഒരു പ്രൊട്ടസ്റ്റൻഡ് കുടുംബത്തിൽ അംഗമായിരുന്നു. ബാല്യത്തിൽ തന്നെ ജിസസ് ക്രൈസ്റ്റിന്റെ വഴി തിരഞ്ഞെടുത്ത് വൈദീകവൃത്തിയും സാമൂഹ്യസേവനവുമായി മുന്നേറുമ്പോഴാണ് ആദ്യ നോവലായ പീറ്റർകാമൻ സീഡ് പുറത്തുവന്ന് . ഹെസ്സെ എന്ന എഴുത്തുകാരനെ ജർമ്മൻ വായനക്കാർ അറിയുന്നത് ഈ നോവലിൽ കൂടിയാണ് . കവിയും ഉപന്യാസകാരനുമായി ഹെസ്സെ വളരെവേഗം അറിയപ്പെട്ടു തുടങ്ങി"എന്റെ കവിതകൾക്കും ഉപന്യാസങ്ങൾക്കും ഏതെങ്കിലും രാഷ്ട്രീയപാർട്ടി-
കളുടെയോ മതത്തിന്റെയോ നിഴലുകൾ ഇല്ല"
എന്ന് ഹെസ്സെ പറയുമയിരുന്നു.

# പഴഞ്ചൊല്ലുകൾ

- അകത്തം കറുത്താൽ ഓണം വെറുക്കും

- അത്തത്തിനു വിതച്ചാൽ പത്തായം പത്തുവേണം

- അച്ഛൻ ഇച്ഛിച്ചതും പാല് വൈദ്യൻ കല്പിച്ചതും പാല്

- ശവത്തിന്മേൽ കുത്തരുത്

- വല്ലഭനു പുല്ലും അയുധം

- യഥാ രാജ തഥാ പ്രജാ

- വാക്കിനു കതിരില്ല

# തണ്ണീർക്കുഴൽ

മുല്ലാ നസറുദ്ദീൻ ഒരു ദിവസം വല്ലാതെ ദാഹിച്ചു വലഞ്ഞു. നാവുണങ്ങി വരണ്ടു. കാലുകൾ തളർന്നു കുഴഞ്ഞു.
തണ്ണീർക്കുഴൽ മുല്ലയുടെ ദൃഷ്ടിയിൽപ്പെട്ടു.
മുല്ല അതിനടുത്തെത്തി, എന്നാൽ അതിന്റെ

വായ് ആരോ ഒരു മരക്കഷ്ണം കൊണ്ടു മൂടിവെച്ചിരുന്നു. മൂടി എടുത്തുമാറ്റി, മുല്ല തന്റെ വായ് ആ കുഴലിനോടു ചേർത്തുവെച്ചു. മൂടി തുറന്നതോടെ ചീറിപ്പാഞ്ഞുവന്ന വെള്ളം മുല്ലയെ തട്ടിമറിച്ചിട്ടു.

' ങ്ഹും! വെറുതെയല്ല നിന്റെ വായ് മൂടിവെച്ചിരുന്നത്; വായ് തുറക്കാൻ തന്ന ഈ അവസരവും നീ പരോപദ്രവത്തിനാണല്ലോ ഉപ-യോഗിച്ചത് നിനക്കിനിയും ബുദ്ധിയുദിച്ചില്ലേ?'
വീണിടത്തുനിന്ന് എണീക്കുന്നതിനിടയിൽ മുല്ല പറഞ്ഞു.

# രണ്ടുസ്നേഹിതൻമാർ

രണ്ടു സ്നേഹിതൻമാർ കാട്ടിലൂടെ നടന്നു പോകുമ്പോൾ; ഒരു കരടി അവരുടെ മേൽ ചാടിവീണു.ഒരാൾ ഓടിപ്പോയി ഒരുമരത്തിൽ കയറി ഒളിച്ചു. അപരൻ വഴിയിൽ ചത്ത ഭാവത്തിൽ മലർന്നുകിടന്നു.

കരടി അവന്റയരിൽ വന്നു മുഖത്തു മണത്തുനോക്കിയപ്പോൾ,അവൻ ശ്വാസം വിടാതെ കിടന്നു. അത് മൃതദേഹമാണന്നു വിചാരിച്ചു കരടി അതിന്റെ വഴിക്കു പോയിക്കഴിഞ്ഞു. കരടി പോയിക്കഴിഞ്ഞപ്പോൾ, മരത്തിൽ അഭയം തേടിയക്കഴിഞ്ഞപ്പോൾ, മകരത്തിൽ അഭം തേടിയിരുന്നവൻ ചാടിയിറങ്ങിവന്നു;ചിരിച്ചുകൊണ്ട് അവൻചോദിച്ചുകൊണ്ട് അവൻ ചോച്ചു; കരടി നിന്റെ ചെവിയിൽ എന്താണു മന്ത്രിച്ചു?

അപകടം വരുമ്പോൾ കൈവെടിയുന്ന

സ്നേഹിതൻമാരേ സൂക്ഷിക്കണം അവൻ മറുപടി പറഞ്ഞു.